## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. T *610 — 11-07-2012-ൽ മറുപടിയ്ക്ക്

### ദേശീയപാതയിലെ അമിത വേഗതാ പരിശോധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ :<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീമതി കെ.എസ്. സലീഖ :<br>ശ്രീ. സി.കെ. സദാശിവൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ദേശീയ പാതകളിൽ അമിത വേഗത്തിൽ വാഹനം ഓടിക്കുന്നതു മൂലമുള്ള അപകടങ്ങൾ നിയന്ത്രിക്കാൻ പുതിയ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (എ) ദേശീയപാതകളിൽ വാഹനങ്ങളുടെ അമിതവേഗത നിരീക്ഷിക്കുന്നതിനും, നിയന്ത്രിക്കുന്നതിനുമായി സ്പീഡ് ഡിറ്റക്ഷൻ ക്യാമറകളും, ഇന്റർ സെപ്റ്റർ വാഹനങ്ങളും, സ്പീഡ് റഡാറുകളും ഉപയോഗിച്ചുള്ള പരിശോധനകൾ നടത്തി വരുന്നുണ്ട്. കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ സൈൻ ബോർഡ് സ്ഥാപിയ്ക്കുകയും, പൊതുമരാമത്ത് വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നിവയുടെ സഹകരണ ത്തോടെ മുൻ കരുതൽ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. അമിത വേഗത നിമിത്തമുള്ള അപകടങ്ങൾ |

കുറയ്ക്കുക എന്ന ഉദ്ദേശ്യത്തോടു കൂടി ദേശീയപാതയിലെ ചേർത്തല മുതൽ മണ്ണുത്തി വരെയുള്ള ഭാഗം മോഡൽ കോറിഡോറായി പ്രഖ്യാപിച്ചിട്ടുണ്ട്.

**(ബി)** റോഡുകളിൽ ദേശീയപാതാ അധികൃതർ നിശ്ചയിച്ച വേഗപരിധി ഓരോ ഇനം വാഹനത്തിനും എത്രയാണെന്നും അതിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ എന്നും വിശദമാക്കാമോ ;

**(ബി)** 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 112-ാം വകുപ്പ് പ്രകാരം വാഹനങ്ങളുടെ വേഗതയുമായി ബന്ധപ്പെട്ട് കേരള സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ ഓരോ തരം വാഹനത്തിനും അനുവദനീയമായ ഏറ്റവും കൂടിയ വേഗതയുടെ വിവരങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഇത് അനുബന്ധമായി ചേർത്തിട്ടുണ്ട്. ഇതിൽ ഭേദഗതി വരുത്തിയിട്ടില്ല.

**(സി)** ചേർത്തല-മണ്ണുത്തി ദേശീയപാതയിൽ അമിതവേഗത പരിശോധിക്കുന്നതിന് ക്യാമറകൾ ഘടിപ്പിക്കുന്ന സംവിധാനം ഫലപ്രദമാണ് എന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ക്യാമറകളുടെ പ്രവർത്തനരീതി എപ്രകാരമാണെന്നും പ്രസ്തുത സംവിധാനം അനുസരിച്ച് എത്ര കേസുകൾ കണ്ടെത്തി നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

**(സി)** ഉണ്ട്. അമിത വേഗതയും റെഡ് സിഗ്നൽ വയലേഷനും കണ്ടെത്തുന്ന ക്യാമറകൾ ദേശീയപാതയിൽ പട്ടണക്കാട്, അരൂർ, കാർത്ത്യായനി ജംഗ്ഷൻ, തുറവൂർ, വൈറ്റില എന്നിവിടങ്ങളിലായി സ്ഥാപിച്ചിരിക്കുന്നു. ഇവയിൽ നിന്നും എറണാകുളം ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള കൺട്രോൾ റൂമിൽ ഡൗൺലോഡ് ചെയ്യപ്പെടുന്ന ഇമേജുകളുടെ അടിസ്ഥാനത്തിൽ നിയമം ലംഘിച്ച

| | | | |
|---|---|---|---|
| | | | വാഹന ഉടമസ്ഥന് നോട്ടീസ് അയയ്ക്കുന്നു. നാളിതുവരെയായി 1624 നോട്ടീസുകൾ അയയ്ക്കുകയും 5,60,400 രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| **(ഡി)** | പ്രസ്തുത സംവിധാനം സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളിലേക്കു കൂടി വ്യാപിപ്പിക്കുമോ ? | **(ഡി)** | ഈ സംവിധാനം മൂന്ന് ജില്ലകളിലെ ആറു സ്ഥലങ്ങളിൽ കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | വാഹനത്തിന്റെ തരം | പരമാവധി വേഗത (കി.മീ / മണിക്കൂർ) | | | |
|---|---|---|---|---|---|
| | | വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപമുള്ള വേഗപരിധി | കുണ്ടും കുഴിയും ഉള്ള റോഡിലെ വേഗപരിധി | തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ നഗരപ്രദേശങ്ങളിലും ഇതര നിർമ്മാണ മേഖലയിലും | മറ്റ് സ്ഥലങ്ങളിലെ വേഗപരിധി |
| 1 | മോട്ടോർ കാർ | 25 | 40 | 40 | 70 |
| 2 | മോട്ടോർ സൈക്കിൾ | 25 | 40 | 40 | 50 |
| 3 | ഓട്ടോറിക്ഷ | 25 | 30 | 30 | 40 |
| 4 | ട്രാൻസ്പോർട്ട് വാഹനങ്ങൾ ഒഴികെയുള്ള ലൈറ്റ് മോട്ടോർ വാഹനങ്ങൾ | 25 | 40 | 40 | 60 |
| 5 | ലൈറ്റ് മോട്ടോർ വാഹനങ്ങൾ ഉൾപ്പെടെയുള്ള ട്രാൻസ്പോർട്ട് വാഹനങ്ങൾ | 25 | 40 | 40 | 60 |
| 6 | യാത്രാ വാഹനങ്ങൾ (ഇടത്തരം, ഹെവി) | 15 | 35 | 35 | 60 |
| 7 | ഭാരവണ്ടികൾ (ഇടത്തരം, ഹെവി) | 15 | 35 | 35 | 60 |

A... DEVI V S
S... Office...
Home (SC) Dep...
Government Sec...
Thiruvananthapuram.